## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1646      06.03.2017-ൽ മറുപടിയ്ക്ക്.

## പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | വാർഷിക പദ്ധതി (2017-2018) 2017 മാർച്ച് 31 നു മുമ്പ് അംഗീകാരം നേടി ഏപ്രിൽ ഒന്നു മുതൽ നിർവ്വഹണം ആരംഭിക്കുന്ന രീതിയിൽ ഉള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഓരോ തദ്ദേശ സ്ഥാപനത്തിനും ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുക, വർക്കിംഗ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ വികസന രേഖ തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസന രേഖ തയ്യാറാക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആസൂത്രണ സമിതികൾ രൂപീകരിക്കുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. ഓൺലൈൻ സംവിധാനം, അക്കൗണ്ടിംഗ് സമ്പ്രദായം, ഇ-ടെണ്ടർ, ഇ-ഫയലിംഗ് തുടങ്ങിയ ആധുനിക ഇലക്ട്രോണിക് |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങളിലൂടെ പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനവും പദ്ധതി പ്രവർത്തനവും സുതാര്യവും കാര്യക്ഷമവുമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവയുടെ പദ്ധതി വിഹിതം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന പദ്ധതി വിഹിതത്തിന് ആനുപാതികമായ വർദ്ധനവ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലും വരുന്നതാണ്. |
| (സി) | ത്രിതല പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (സി) | ത്രിതല പഞ്ചായത്തുകൾക്ക് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി വിഹിതം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ